യർമാർ യാതൊരു പ്രകോപനവും കൂടാതെ സ്ഥലത്തുള്ള കടകളും ഹോട്ടലുകളും തല്ലിത്തകർക്കുകയും ആളുകളെ ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്തതിനെത്തുടർന്നു സ്ഥലവാസികളുടെ ഇടയിൽ ഉണ്ടായിരിക്കുന്ന ഭീതിയും അരക്ഷിതാവസ്ഥയും ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ശ്രീ. കെ. എം. ജോർജ്ജ് റൂൾ 61 അനുസരിച്ച് ഒരു നോട്ടീസ് തന്നിട്ടുണ്ട്.

നെടുമങ്ങാട് താലൂക്കിലുള്ള ഭൂമിപതിവ് സ്പെഷ്യലാഫീസ് നിറുത്തലാക്കുന്നതിനുള്ള തീരുമാനത്തെത്തുടർന്നു സ്ഥലവാസികൾക്കുണ്ടായിട്ടുള്ള വൈഷമ്യങ്ങൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെടുത്താൻ ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ളയും ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

ഈ രണ്ടു നോട്ടീസുകളും ആവശ്യമായ നടപടികൾക്കായി ബന്ധപ്പെട്ട മന്ത്രിമാർക്ക് അയച്ചു കൊടുക്കുന്നതാണ്.

IV. QUESTION OF PRIVILEGE

Deputy Speaker: Order, Order. Shri K. Karunakaran has given a notice under Rule 148, seeking the Speaker's consent for raising a question involving a breach of privilege of this Assembly. It is based on a report published in Navakeralam Daily dated 6th September 1969.

According to the member, the report casts aspersions on and impute motives to the action of the Speaker of this Assembly. "It questions the Speaker's bona fides. This is derogatory to the prestige and honourable position of the Speaker of an august body like this Legislative Assembly."

I am referring this to the Privileges Committee.

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ട തൊഴിൽമന്ത്രി കഴിഞ്ഞ ദിവസം ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽവെച്ച് ഉപയോഗിച്ച ചില നിർഭാഗ്യകരമായ പദങ്ങൾ സഭയുടെ അന്തസ്സിനെ ബാധിക്കുന്നതായതുകൊണ്ട് അതു സംബന്ധിച്ച് ഒരു പ്രിവിലേജ് മോഷൻ നോട്ടീസ് അയച്ചിരുന്നു.

ഡെപ്യൂട്ടി സ്പീക്കർ: അതിനെ സംബന്ധിച്ചിടത്തോളം സഭാനേതാവ് പ്രസ്താവിക്കുന്നതാണ്.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഈ സഭാനടപടികൾ സുഗമമായി നടത്താൻ ഉതകുന്ന വിധത്തിൽ, ഈ സഭയുടെ എല്ലാ ഭാഗത്തുനിന്നുമുണ്ടായ അഭിപ്രായങ്ങളെ ആദരിച്ച് ബഹുമാനപ്പെട്ട ലേബർ മിനിസ്റ്റർ ഖേദപ്രകടനം നടത്തി ഈ പ്രശ്നം അവസാനിപ്പിക്കണമെന്നു ഞാൻ അദ്ദേഹത്തോടഭ്യർത്ഥിക്കുകയാണ്.

ശ്രീ. മത്തായി മാഞ്ഞൂരാൻ: ഈ പ്രശ്നത്തിൽ ഞാൻ ഖേദം പ്രകടിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ട മന്ത്രി ഖേദം പ്രകടിപ്പിച്ചതിന്റെ വെളിച്ചത്തിൽ എന്റെ മോഷൻ പ്രസ് ചെയ്യുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly